## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2221 — 10.10.2011 ൽ മറുപടിക്ക്

### വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സ്കൂൾ കുട്ടികളെ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സംബന്ധമായി നിരവധി നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് മുമ്പ് തന്നെ നൽകിയിട്ടുണ്ട്. എന്നാൽ സ്കൂൾ അധികാരികളും രക്ഷകർത്താക്കളും ബസ് ഓടിക്കുന്നവരും പലപ്പോഴും ഇത് പാലിക്കാത്തത് അപകടങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്. ഇതൊഴിവാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ സ്കൂളുകളിലെയും ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, സ്കൂളിലെ നോഡൽ ഓഫീസർ, പി.റ്റി.എ. പ്രസിഡന്റ് , മറ്റ് ഭാരവാഹികൾ, സ്കൂൾ ബസിലെ ഡ്രൈവർമാർ എന്നിവർക്ക് വീണ്ടും അടിയന്തിരമായി നൽകാൻ എല്ലാ ആർ.ടി.ഒ. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് / അൺ എയ്ഡഡ് /ഗവൺമെന്റ് വ്യത്യാസമില്ലാതെ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ മുൻനിർത്തി സ്കൂൾ ബസ്സുകളുടെ ചെക്കിംഗ് കർശനമാക്കിയിട്ടുണ്ട്. |
| (ബി) പഴക്കം ചെന്നതും ഗതാഗതത്തിന് യോഗ്യമല്ലാത്തതുമായ വാഹനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; | ബി) ലഭിച്ചിട്ടില്ല. |
| (സി) മതിയായ യോഗ്യതയും പരിചയവുമില്ലാത്ത ഡ്രൈവർ മാരെ നിയമിക്കുന്നതിനാൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ യോഗ്യതയും പരിചയവുമില്ലാത്ത ഡ്രൈവർമാരെ നിയമിക്കുന്നത് ഒഴിവാക്കുന്നതിനായി നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിലുള്ളതോ സ്കൂൾ കുട്ടികളെ കൊണ്ടു പോകുന്നതിനായി വാടകയ്ക്ക് എടുക്കുന്നതോ ആയ വാഹനങ്ങൾ ഓടിക്കുന്ന വ്യക്തിക്ക് ഡ്രൈവിംഗിൽ 10 വർഷത്തിൽ കുറയാതെ പ്രവൃത്തി പരിചയവും |

ഹെവി വാഹനങ്ങൾ ഓടിച്ച് 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന് മുഴുവൻ ബാധകമായ വിധത്തിൽ വിദ്യാർത്ഥികളുടെ യാത്രാസുരക്ഷ ഉറപ്പാക്കുവാൻ സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുവാൻ തയ്യാറാകുമോ ?

ഡി) വിദ്യാർത്ഥികളുടെ സുരക്ഷിതമായ യാത്രാവിഷയം വിലയിരുത്തികൊണ്ട് സംസ്ഥാനത്ത് മുഴുവൻ ബാധകമാകുന്ന തരത്തിലുള്ള പൊതുവായ നിർദ്ദേശങ്ങളാണ് പുറപ്പെടുവിക്കാറുള്ളത്. സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി 9.6.2010 ൽ കൂടിയ യോഗത്തിൽ എടുത്ത മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നത് നിരീക്ഷിക്കുന്നതിനും നടപ്പിൽവരുത്തുന്നതിനുമായി എല്ലാ ജില്ലാ കളക്ടർമാർക്കും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ ജില്ലയിലും സംയുക്ത സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. മേൽ നടപടികളെല്ലാം തന്നെ വിദ്യാർത്ഥികളുടെ യാത്രാസുരക്ഷ ഉറപ്പാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയുടെ ഭാഗമായുള്ളതാണ്.

സെക്ഷൻ ഓഫീസർ